ഇലക്ട്രിക് പോസ്റ്റ് എന്നിവ മാറ്റി സ്ഥാപിക്കുകയും ടി ഭാഗങ്ങളിലെ റോഡിന്റെയും സംരക്ഷണ ഭിത്തികളുടെയും നവീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതിക്കായി തിരുവനന്തപുരം ജില്ലയ്ക്ക് ഇതുവരെ 22.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ 7 കുളങ്ങൾ/തോടുകൾ നവീകരിക്കുന്നതിന് മൂന്നുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഓടകളിലും തോടുകളിലും സ്ഥാപിച്ചിരുന്നതും ജലനിർഗമനത്തിന് തടസ്സമായിരുന്നതുമായ കേബികളുകളും പൈപ്പുകളും, KSEB ഇലക്ട്രിക് പോസ്റ്റ് നീക്കം ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ, വെള്ളം ഒഴുകിപ്പോകാൻ കഴിയാത്ത സ്ഥലങ്ങളിൽ പുതിയ ഓട നിർമ്മിച്ച പ്രവൃത്തികളും കനാലുകളുടെയും ഓടയുടെയും മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. ഇത്തരം 33 പ്രവൃത്തികൾക്ക് 2,83,27,971 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പടന്നത്തോട്, കണിച്ചിറത്തോട്, ചെട്ടിയാർ കുളം നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 63,70,894 രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) കനാലുകളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്തതിനു ശേഷമാണ് നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്.

(ഡി) കനാലുകളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നത് 'ഓപ്പറേഷൻ അനന്ത'-യുടെ പദ്ധതി ലക്ഷ്യമല്ല. വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്റെ ഭാഗമായി ജലനിർഗമന കനാലുകൾ വൃത്തിയാക്കുന്നതിന് തടസ്സമായ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിയമപ്രകാരം അനുവദിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നെൽവയൽ ഡാറ്റാ ബാങ്ക്

145(1211) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയ്റും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നെൽവയലുകളെ സംബന്ധിച്ച ഡാറ്റാ ബാങ്ക് ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലങ്ങൾ മണ്ണിട്ടു നികത്തുകയോ, പരിവർത്തനം ചെയ്യപ്പെട്ടതോ ആയി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി നെൽവയൽ സംരക്ഷണ നിയമ പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ഓരോ പരാതികളുടെ അടിസ്ഥാനത്തിലും വിശദമാക്കുമോ;

(ഡി) ഓരോ പരാതിയും ലഭിച്ച തീയതിയും ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ ആകെ 48 ഗ്രാമപഞ്ചായത്തുകളിലാണ് ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ബാക്കിയുള്ളവ കരട് അവസ്ഥയിലാണ്. പ്രസിദ്ധീകരിച്ച ഗസറ്റ് വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വില്ലേജ് ഓഫീസിലും ലഭ്യമാണ്.

(ബി) ഇതുവരെ ഏകദേശം 700 ഓളം പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ആവശ്യമെന്ന് കാണുന്ന സാഹചര്യങ്ങളിൽ നിയമത്തിലെ വകുപ്പ് 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുവാൻ ഭൂഉടമയ്ക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്. കൂടാതെ വകുപ്പ് 25 പ്രകാരം പ്രോസിക്യൂഷൻ നടപടികളും ആവശ്യമുള്ള കേസ്സുകളിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) എല്ലാ കേസ്സുകളിലും നടപടി സ്വീകരിച്ചുവരുന്നുണ്ട്. നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

കുന്ദമംഗലം എക്സൈസ് റെയ്ഞ്ച് ഓഫീസിന് സ്ഥിരം കെട്ടിടം നിർമ്മിക്കാൻ നടപടി

146(1212) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം എക്സൈസ് റെയിഞ്ച് ഓഫീസിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കുന്ദമംഗലം എക്സൈസ് റെയ്ഞ്ച് ഓഫീസിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച ഭൂമി കൈമാറ്റ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

റീ-സർവ്വേ നടപടികൾ

147(1213) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലാണ് റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; എത്ര ഉദ്യോഗസ്ഥരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly